# പ്ലാച്ചിമട സമരം വിജയിക്കണമെങ്കിൽ...

ഇന്ത്യനൂർ ഗോപി

പ്ലാച്ചിമട സമരം പ്ലാച്ചിമടയിൽ ഒതുക്കിനിർത്തിയാൽ പ്ലാച്ചിമട സുഹൃദ്സംഘം നിർദ്ദേശിച്ചപോലെയുള്ള വ്യവസ്ഥകൾ (കേരളീയം ലക്കം 112, നവംബർ 2006) അംഗീകരിച്ച് സമരം നിർത്തിയാൽ വിജയമാണെന്നു പറയാം. എന്നാൽ ഈ സമരം ഒരു ചെറിയ പ്രദേശത്തിന്റെ പരിധിയിൽ ഒതുങ്ങുന്നില്ല. ഭാരതപ്പുഴ സംരക്ഷണ സമിതി പ്രവർത്തകനെന്ന നിലയിൽ നദീസംരക്ഷണവുമായി മാത്രം ബന്ധപ്പെടുത്തി അഭിപ്രായം പറയുകയാണ്. കൊക്കക്കോള കമ്പനിക്ക് എതിരായി പ്രാദേശികനിവാസികൾ സമരം തുടങ്ങിവെയ്ക്കാൻ അവർ സംരക്ഷിക്കാൻ ആഗ്രഹിച്ച ഭൂഗർഭജലം ഭാരതപ്പുഴയുടെ ഭാഗമാണെന്ന് അവർ അറിഞ്ഞിരുന്നില്ല. സമരത്തിന്റെ ഒരു ഘട്ടത്തിലും ഈ പ്രശ്നം അറിഞ്ഞിരുന്നില്ല. സമരത്തിന്റെ ഒരു ഘട്ടത്തിലും ഈ പ്രശ്നം ഗൗരവമായി ഉയർന്നുവന്നതുമില്ല. നാം എതിർക്കുന്ന ശക്തി എത്ര പ്രബലനും ബഹുരൂപിയും ലോകവ്യാപിയുമാണെങ്കിലും വ്യക്തമായി നമ്മുടെ മുന്നിലുണ്ടായിരുന്നു. പുഴയെ സംരക്ഷിക്കാൻ പ്രവർത്തിക്കുമ്പോൾ അത് നശിപ്പിക്കുന്ന ശത്രു സമൂർത്തമായി നമ്മുടെ മുന്നിലില്ല.നമ്മുടെ വികസന സങ്കല്പങ്ങൾ, ജീവിത ക്രമങ്ങൾ, പ്രകൃതി വിഭവങ്ങൾ ദീർഘദൃഷ്ടിയില്ലാതെ ധൂർത്തടിക്കുന്ന ദൃശ്യവും അദൃശ്യവുമായ ശക്തികൾ, നമ്മുടെ ഭൂവിനിയോഗം - ഇങ്ങനെ എതിർക്കുന്നവരുടെ സങ്കല്പത്തിലും ജീവിതരീതികളിലും പ്രബലമായി കുടിയിരിക്കുന്ന പലതും നമുക്കു നേരിടേണ്ടിവരുന്നു. മുതലാളിത്ത വ്യവസ്ഥമാത്രമാണെന്നു പറയാൻ വയ്യ. പലനിറത്തിലുള്ള കൊടികൾ പിടിക്കുന്ന തൊഴിലാളികളെ നേരിടേണ്ടിവരുന്നു. ബാലറ്റിലൂടെ കടന്നുവരുന്ന അധികാര ധാർഷ്ട്യവും ഭരണത്തിൽ സ്ഥിരമായി പതിയിരിക്കുന്ന ഉദ്യോഗസ്ഥമേധാവിത്വവും, സ്വയംഭരണ സ്ഥാപനങ്ങളും, നിലവിലുള്ള വ്യവസ്ഥയെ നിലനിർത്തുന്നവരും, അതു പരാജയപ്പെടുത്തി പകരം പദ്ധതിയെ നിലനിർത്തുന്നവരും അതു പരാജയപ്പെടുത്തി പകരം പദ്ധതി ചെയ്യുന്നവരും എല്ലാം നമുക്ക് നേരിടേണ്ടിവരുന്നു. എന്നാൽ മനുഷ്യരാശിയുടെ നിലനില്പിന് പ്രകൃതിയും അതിന്റെ ഭാഗമായ നദികളും സംരക്ഷിക്കുന്ന മഹത്തായ കർത്തവ്യവുമായി ഈ സമരം എത്ര കണ്ടു ബന്ധപ്പെടുത്താൻ കഴിയും? ഈ പ്രവർത്തനത്തിലൂടെ അതിനുള്ള അവബോധവും സന്നദ്ധതയും എങ്ങനെയുണ്ടാക്കാൻ കഴിയും എന്നതു കൂടെ പരിഗണിച്ചു വേണം ഈ സമരത്തിന്റെ വിജയം വിലയിരുത്താൻ. നർമ്മദയെ സംരക്ഷിക്കുക എന്ന സമരത്തിൽ, അണക്കെട്ടു നിർമ്മിക്കുമ്പോൾ ഭൂമി നഷ്ടപ്പെടുന്നവരെ പുനരധിവസിപ്പിക്കുക എന്ന പ്രശ്നത്തെ ഗൗരവമായി നേരിടേണ്ടി വന്നു. പ്ലാച്ചിമടയിൽ നിന്നു നേരെ എതിർദിശയിലുള്ള ഒരു പരിണാമം. ഇതുരണ്ടും നാം ഏറ്റെടുക്കുന്ന മഹാസമരത്തിന്റെ ഭാഗമാണ്. ഒരു കമ്പനിയുണ്ടാക്കിയ ദുരിതവും നഷ്ടവും നികത്തുകയും പരിഹരിക്കുകയും ചെയ്യുന്ന പതിവ് പരിപാടികളിൽ ഒതുങ്ങുന്നതല്ല പ്ലാച്ചിമട സമരത്തിന്റെ വിജയവും പരാജയവും. ഒരു നദിയുമായി അതിന്റെ തടമാകെ വ്യാപരിക്കുന്ന ദൃശ്യമായ ഉപരിതല ജലവും അദൃശ്യമായ ഭൂഗർഭജലവും സംരക്ഷിക്കാനുള്ള അധികാരം ഗ്രാമസഭകൾക്കോ, പ്രദേശിക സ്വയംഭരണ സ്ഥാപനങ്ങൾക്കോ നൽകിയാൽ മതിയോ ? ജനങ്ങളുടെ ബോധവും ഭരണം കൈകാര്യം ചെയ്യുന്നവരുടെ പ്രതിബദ്ധതയോടെയുള്ള സന്നദ്ധതയും ഈ ചുമതല ഏറ്റെടുക്കാവുന്ന വിധം സജ്ജമാകേണ്ടതില്ലേ? നിലവിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ചുകൊണ്ട് ഈ ലക്ഷ്യത്തോടെ പ്രവർത്തിക്കേണ്ടിവരും. ഒരു ദേശത്തെ ജലസമ്പത്തുമായി ബന്ധപ്പെട്ട എല്ലാ പ്രക്രിയകളേയും ക്രമീകരിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന, നദീ വ്യവസ്ഥയെ കൈകാര്യം ചെയ്യാൻ ഫലപ്രദമായ ഒരു സംവിധാനം ആവശ്യമാണ്. അതിനനുസരിച്ച് ജലനയം ആവിഷ്കരിക്കണം. ഒരു നദീതടത്തിലെ ജലസമ്പത്ത് തടത്തിലെ മനുഷ്യനടക്കമുള്ള ഗോചരവും അഗോചരവുമായ ജൈവപ്രപഞ്ച ത്തിന്റെ ആകെ നിലനില്പിനാവശ്യമാണെന്നും ആ നിലയിൽ അത് ഒരു പൊതുസമ്പത്താണെന്നും ഉള്ള ധാരണയാണ് ഈ നയങ്ങൾക്കൊക്കെ നിദാനമാകേണ്ടത്. ഭൂമിശാസ്ത്രപരമായ പ്രദേശികസൗകര്യങ്ങളും, സമ്പത്തും അധികാരവും നൽകുന്ന ഉടമാവകാശങ്ങളും, ഭരണപരമായ അതിർത്തികളുടെ സൗകര്യങ്ങളും, ഈ ധാരണയിലധിഷ്ഠിതമായ നയത്തിനും നടപടികൾക്കും വിഘാതം നിൽക്കരുത്. ഇത്തരമൊരു സങ്കല്പത്തിനും, സംവിധാനത്തിനും ജീവിതക്രമത്തിനും, സംസ്കാര ത്തിനും അനുയോജ്യമായി പ്ലാച്ചിമട സമരത്തിന്റെ നേട്ടം ബന്ധപ്പെടുത്താൻ കഴിയണം.ഓരോ പ്രദേശത്തും ഇത്തരമൊരു സംവിധാനം പ്രായോഗികമാക്കാനുള്ള ചെറുതും വലുതുമായ എല്ലാ സമരങ്ങൾക്കും പ്രവർത്തന ങ്ങൾക്കും പ്ലാച്ചിമട സമരം പ്രേരണയും പ്രചോദനവുമായി മാറാനും, മാറ്റാനും കഴിയുന്നതിലാണ് ഈ സമരത്തിന്റെ വിജയം.

സുഹൃദ്സംഘം മുന്നോട്ട് വെച്ച വ്യവസ്ഥകൾ അനുസരിച്ച് കാര്യങ്ങൾ നടന്നാൽ അത് ഒരു വലിയ വിജയമായിരിക്കും.

*സെക്രട്ടറി, ഭാരതപ്പുഴ സംരക്ഷണസമിതി, 'മംഗള',*
*അടയ്ക്കാപ്പുത്തൂർ, പാലക്കാട്*